**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ.വി.അജയകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) - സ്വകാര്യ വിമാന സർവ്വീസുപയോഗിച്ചുള്ള എൽ.റ്റി.സി. യാത്ര സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2563/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 05.10.2018.**

---

പരാമർശം: 1) 02.01.2013-ലെ സ.ഉ.(പി) നമ്പർ 5/2013/ധന

2) ഗ്രാമവികസന കമ്മീഷണറുടെ 16.02.2017-ലെ 816/എസ്റ്റാ.എ1/2017/സിആർഡി നമ്പർ നടപടിക്രമം.

3) ഗ്രാമവികസന കമ്മീഷണറുടെ 25.08.2018 തീയതിയിലെ 816/എസ്റ്റാ.എ1/2017/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (2)-ലെ ഗ്രാമവികസന കമ്മീഷണറുടെ നടപടിക്രമം പ്രകാരം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) ശ്രീ.വി.അജയകുമാറിന് 21.02.2017 മുതൽ 28.02.2017 വരെ സിക്കിം സന്ദർശിക്കുന്നതിന് അനുമതി നൽകിയിരുന്നു. യാത്രാദിവസമായ 22.02.2017-ന് മുമ്പ് അഞ്ച് ദിവസങ്ങൾ മാത്രമാണുണ്ടായിരുന്നതെന്നും, എയർ ഇന്ത്യയുടെ നേരിട്ടുള്ള വിമാന ടിക്കറ്റുകൾ ലഭ്യമായിരുന്നില്ലെന്നും അതിനാൽ സ്വകാര്യ കമ്പനികളുടെ വിമാന സർവ്വീസാണ് യാത്രയ്ക്ക് ഉപയോഗിച്ചതെന്നും, ടിയാളുടെ എൽ.റ്റി.സി. ക്ലെയിം അനുവദിക്കണമെന്നും പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എൽ.റ്റി.സി. യാത്രകൾക്ക് ഏറ്റവും ദൂരം കുറവുള്ള മാർഗ്ഗം സ്വീകരിക്കണമെന്നാണ് ചട്ടമെങ്കിലും, എൽ.റ്റി.സി. അനുവദിച്ചതിനും യാത്രയ്ക്കുമിടയിലുള്ള ചുരുങ്ങിയ സമയത്തിനുള്ളിൽ ലഭ്യമായ യാത്രാസൗകര്യം പ്രയോജനപ്പെടുത്തി എന്ന അപേക്ഷകന്റെ വിശദീകരണം പരിഗണിച്ച്, ശ്രീ.വി.അജയകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.) നടത്തിയ വിമാനയാത്രകൾക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**പ്രീത കെ.എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ശ്രീ.വി.അജയകുമാർ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (റിട്ട.)

(ഗ്രാമവികസന കമ്മീഷണർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ